# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2384** — **19.06.2013-ലെ മറുപടിക്ക്**

**കോഴിക്കോട് ജില്ലയിലെ മെഡിക്കൽ വിദ്യാഭ്യാസ മേഖല**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. കെ. കെ. നാരായണൻ :<br>ശ്രീമതി കെ. കെ. ലതിക :<br>ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജുകൾ പുതുതായി സ്ഥാപിക്കുന്ന സാഹചര്യത്തിലും കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്നതിൽ 50 സീറ്റ് നഷ്ടപ്പെടാനിടയായ സാഹചര്യമെന്ത് ; വ്യക്തമാക്കുമോ ;<br><br>(ബി) സീറ്റ് നഷ്ടപ്പെടാനിടയായത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു ; പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ; | (എ) & (ബി)<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന എം.ബി.ബി.എസ്. സീറ്റുകളുടെ അംഗീകാരം സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ പരിശോധനയിൽ ചില ന്യൂനതകൾ ഉണ്ടെന്ന് കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ കണ്ടെത്തിയ ന്യൂനതകൾ സമയബന്ധിതമായി പരിഹരിക്കുമെന്നും സർക്കാർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. |

(P.T.O.)

(സി) വിദ്യാർത്ഥി പ്രവേശനത്തിൽ വൻ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന് സീറ്റ് വർദ്ധനയോടെ അംഗീകാരം ലഭിച്ചത് ആരോഗ്യ സർവ്വകലാശാലയും സർക്കാരും പ്രശ്നം വേണ്ടവിധം കൈകാര്യം ചെയ്യാത്തതുകൊണ്ടാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രവേശന ക്രമക്കേടിനെതിരെ സർക്കാരും ആരോഗ്യ സർവ്വകലാശാലയും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

(സി) 2012-13 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി പ്രവേശനത്തിൽ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയ കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ, കരുണാ മെഡിക്കൽ കോളേജ്, പാലക്കാട് എന്നീ സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കണമെന്ന് സർക്കാർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ ക്രമവിരുദ്ധമായി പ്രവേശിപ്പിക്കപ്പെട്ട 9 വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ നൽകേണ്ടതില്ല എന്ന് കേരള ആരോഗ്യ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്. ഇതിനെതിരെ പ്രസ്തുത മാനേജുമെന്റുകൾ ഫയൽ ചെയ്ത കേസുകൾ ബഹു: ഹൈക്കോടതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ